ISSN-2455-0736 (Print)
ISSN-2456-4052 (Online)

# പൂന്താനം കവിത – ക്രൈസ്തവദർശനത്തിന്റെ പശ്ചാത്തലത്തിൽ

**English Transalation of the Article** in Black color

**Dr. Bennichan Scaria**

Assistant Professor, Pavanatma College, Murickassery

frbennop@gmail.com

## ABSTRACT in Black color

An English transalation of the abstract must be given in Times new Roman font, 12 size in this place. It must be followed by the English transalation of the key words used in the article

**KEY WORDS:** Almighty, Christian Vsion, Hindu Vision

## സംഗ്രഹം

ദർശനം എന്ന വാക്കിന്റെ അർത്ഥം തന്നെ വീക്ഷണം എന്നാണ്. ഈശ്വരൻ, മനുഷ്യൻ, ലോകം, മോക്ഷം എന്നിവയെപ്പറ്റി വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ഈശ്വര യാഥാർത്ഥ്യത്തോടും ചൈതന്യത്തോടും മനുഷ്യസത്ത ആരംഭകാലം മുതൽ പുലർത്തിപ്പോന്നിട്ടുള്ള ആഭിമുഖ്യങ്ങളുടേയും തുറവിയുടേയും രൂപഭാവങ്ങൾ വ്യത്യസ്തമായിരുന്നുവെങ്കിലും അവയ്ക്കടിയിലുണ്ടായിരുന്ന മനോഭാവങ്ങളിൽ സമാനമായ ചില അടിസ്ഥാന ഭാവങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ജീവിതത്തിന്റെ രൂപപ്പെടുത്തലും കർമ്മത്തിന് മാർഗ്ഗദർശനം ചെയ്യലുമാണ് എല്ലാ ദർശനങ്ങളുടേയും ഉദ്ദേശ്യം. മനുഷ്യന് പ്രത്യക്ഷമായ രീതിയിൽ ഈശ്വരദർശനം സാധ്യമാകുന്നത് അവതാരത്തിലൂടെയാണെന്ന് മിക്ക മതങ്ങളും സിദ്ധാന്തിക്കുന്നു. ധർമ്മത്തിനു ക്ഷയവും അധർമ്മത്തിന് വർധനയും ഭവിക്കുമ്പോൾ സാധുരക്ഷണത്തിനായും ദുഷ്ടശിക്ഷയ്ക്കായും ഭഗവാൻ എക്കാലവും അവതാരമെടുക്കുന്നുവെന്നാണ് ഹൈന്ദവസിദ്ധാന്തം. ക്രിസ്തുമതത്തിൽ ദൈവം പൂർണ്ണനായി മനുഷ്യന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതും മനുഷ്യനോട് നിർണായകമായി സംസാരിച്ചിട്ടുള്ളതും മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയാണ്. ഈശ്വരമനുഷ്യ സമാഗമത്തിന്റേയും സംസർഗത്തിന്റേയും പൂർത്തിയായി മതങ്ങൾ കരുതുന്നതും പ്രതീക്ഷിക്കുന്നതും മുക്തിയെയാണ്. ഹൈന്ദവദർശനപ്രകാരം മുക്തി പരമാത്മാവുമായുള്ള അനന്യത അഥവാ താദാത്മ്യം തന്നെയാണ്. ദൈവവുമായുള്ള വൈയക്തികമായ ഐക്യം മുഖാഭിമുഖമായ ഈശ്വരദർശനം, നിത്യമായ ആനന്ദം, ഉത്ഥാനം ചെയ്ത വിശുദ്ധരുടെ സ്വർഗ്ഗീയമായ ഒരുമ എന്നിവയത്രെ ക്രൈസ്തവദർശനപ്രകാരമുള്ള മുക്തിയുടെ മുഖ്യാംശങ്ങൾ.

## ആമുഖം

ദർശനം എന്ന വാക്കിന്റെ അർത്ഥം തന്നെ വീക്ഷണം എന്നാണ്. ഈശ്വരൻ, മനുഷ്യൻ, ലോകം, മോക്ഷം എന്നിവയെപ്പറ്റി വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ഈശ്വര യാഥാർത്ഥ്യത്തോടും ചൈതന്യത്തോടും മനുഷ്യസത്ത ആരംഭകാലം മുതൽ പുലർത്തിപ്പോന്നിട്ടുള്ള ആഭിമുഖ്യങ്ങളുടേയും തുറവിയുടേയും രൂപഭാവങ്ങൾ വ്യത്യസ്തമായിരുന്നുവെങ്കിലും അവയ്ക്കടിയിലുണ്ടായിരുന്ന മനോഭാവങ്ങളിൽ സമാനമായ ചില അടിസ്ഥാന ഭാവങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ജീവിതത്തിന്റെ രൂപപ്പെടുത്തലും കർമ്മത്തിന് മാർഗ്ഗദർശനം ചെയ്യലുമാണ് എല്ലാ ദർശനങ്ങളുടേയും ഉദ്ദേശ്യം. മനുഷ്യന് പ്രത്യക്ഷമായ രീതിയിൽ ഈശ്വരദർശനം സാധ്യമാകുന്നത് അവതാരത്തിലൂടെയാണെന്ന് മിക്ക മതങ്ങളും സിദ്ധാന്തിക്കുന്നു. ധർമ്മത്തിനു ക്ഷയവും അധർമ്മത്തിന് വർധനയും ഭവിക്കുമ്പോൾ സാധുരക്ഷണത്തിനായും ദുഷ്ടശിക്ഷയ്ക്കായും ഭഗവാൻ എക്കാലവും അവതാരമെടുക്കുന്നുവെന്നാണ് ഹൈന്ദവസിദ്ധാന്തം. ക്രിസ്തുമതത്തിൽ ദൈവം പൂർണ്ണനായി മനുഷ്യന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതും മനുഷ്യനോട് നിർണായകമായി സംസാരിച്ചിട്ടുള്ളതും മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയാണ്. ഈശ്വരമനുഷ്യ സമാഗമത്തിന്റേയും സംസർഗത്തിന്റേയും പൂർത്തിയായി മതങ്ങൾ കരുതുന്നതും പ്രതീക്ഷിക്കുന്നതും മുക്തിയെയാണ്. ഹൈന്ദവദർശനപ്രകാരം മുക്തി പരമാത്മാവുമായുള്ള അനന്യത അഥവാ താദാത്മ്യം തന്നെയാണ്. ദൈവവുമായുള്ള വൈയക്തികമായ ഐക്യം മുഖാഭിമുഖമായ ഈശ്വരദർശനം, നിത്യമായ ആനന്ദം, ഉത്ഥാനം ചെയ്ത വിശുദ്ധരുടെ സ്വർഗ്ഗീയമായ ഒരുമ എന്നിവയത്രെ ക്രൈസ്തവദർശന പ്രകാരമുള്ള മുക്തിയുടെ മുഖ്യാംശങ്ങൾ. ഹൈന്ദവ ദർശനത്തിന്റെ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പശ്ചാത്തലത്തിൽ എഴുതപ്പെട്ട പൂന്താനം കവിതകളെ ക്രൈസ്തവ ദർശനത്തിന്റെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുക എന്നതാണ് ഈ പ്രബന്ധം കൊണ്ടുദ്ദേശിക്കുന്നത്. അതിനായി പ്രബന്ധത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. **ഹൈന്ദവദർശനം**

‘‘മനുഷ്യന്റെ സുഖവും ശ്രേയസും ഉൽക്കർഷവുമാണ് എല്ലാ ദർശനങ്ങളുടെയും പൊതുലക്ഷ്യം.(1) ഭാരതീയ തത്വചിന്ത സാരാംശത്തിൽ അദ്ധ്യാത്മികമാണെന്നും അഗാധമായ ഈ ആദ്ധ്യാത്മികതയാണ് കാലത്തിന്റെ കെടുതികളെയും ചരിത്രത്തിന്റെ ആകസ്മികതകളെയും നേരിടാൻ ഇന്ത്യക്ക് കഴിവുണ്ടാക്കി കൊടുത്തെന്നും ആചാര്യന്മാർ സമർത്ഥിക്കുന്നു. ആദ്ധ്യാത്മിക വാദമെന്നതു പോലെ തന്നെ ഭൗതികവാദവും ഇന്ത്യയിൽ പ്രാചീന കാലം മുതൽ നിലനിന്നിരുന്നു. ചേതനയിൽ നിന്ന് ഭൗതിക പദാർത്ഥങ്ങൾ ഉണ്ടായി എന്ന് വാദിക്കുന്നവരെ ആത്മീയവാദികൾ എന്നും ഭൗതിക പദാർത്ഥത്തിൽ നിന്ന് ചിന്തയും ചേതനയും ഉണ്ടായി എന്നു വാദിക്കുന്നവരെ ഭൗതികവാദികൾ എന്നും വിളിക്കുന്നു. ദുരിതങ്ങളും ദു:ഖങ്ങളും ഉണ്ടാകുന്ന ഘട്ടത്തിൽ യഥാർത്ഥ ജീവിതത്തിൽ നിന്ന് ഭൗതികാതീത ചിന്താമണ്ഡലത്തിലേക്കും ആത്മീയതയുടെ അന്തർമുഖത്വത്തിലേക്കും പലായനം ചെയ്യാനുള്ള പ്രവണത ഭാരതീയ തത്വചിന്തയുടെ പ്രത്യേകതയാണ്. ഇന്ത്യൻ ജനത ശതാബ്ദങ്ങളിലൂടെ ആർജിച്ച സൈദ്ധാന്തിക അനുഭവങ്ങളാണ് ഭാരതീയ ദർശനങ്ങൾ. ഭാരതീയ ദർശനങ്ങൾ മുഖ്യമായും ഒൻപതെണ്ണമാണ് – ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ, (ആസ്തിക ദർശനങ്ങൾ) ബുദ്ധം, ജൈനം, ചാർവാകം (നാസ്തിക ദർശനങ്ങൾ) എന്നിവയാണവ. ദർശനങ്ങളിൽ നിന്ന് മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെടുന്നവയാണ് പ്രസ്ഥാനങ്ങൾ. ഹൈന്ദവ ദർശനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോൾ രൂപം കൊണ്ട ഒരു നവോത്ഥാന പ്രസ്ഥാനമാണു ഭക്തി പ്രസ്ഥാനം. കേരളത്തിൽ ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം, മേല്പത്തൂർ നാരായണഭട്ടതിരി തുടങ്ങിയവരുടെ കാലം ഭക്തി പ്രസ്ഥാനത്തിന്റെ പുഷ്കല കാലമായിരുന്നു.

## അടിക്കുറിപ്പുകൾ

1) രാധാകൃഷ്ണൻ എസ്, ‘‘ഭാരതീയ ദർശനം’, പുറം 11
2) വിതയത്തിൽ ജോസഫ്, ‘‘ക്രൈസ്തവ വിജ്ഞാനീയം’, പുറം 1
3) വെള്ളനിക്കൽ മാത്യു, ‘‘ബൈബിൾ വിജ്ഞാനീയ കോശം’ പുറം 804
4) അക്വീനാസ് തോമസ്, ‘‘ദൈവ വിജ്ഞാന സർവ്വസ്വം’, പുറം 67
5) ബാലകൃഷ്ണൻ നായർ ജി., ‘‘രണ്ട് മലയാളമാമറകൾ’, പുറം 180

## സഹായക ഗ്രന്ഥങ്ങൾ

1) അരവിന്ദൻ, പൂന്താനം കൃതികൾ, കോട്ടയം: ഡി.സി ബുക്സ് ,2008
2) കൃഷ്ണവാര്യർ, എൻ.വി , ജ്ഞാനപ്പാന –അവതാരിക
കോട്ടയം: നാഷണൽബുക്ക്സ്റ്റാൾ ,1973
3) ഗോപിക്കുട്ടൻ ,പ്രൊഫ,ജ്ഞാനപ്പാന പഠനവും വ്യാഖ്യാനവും,
കോട്ടയം കറന്റ് ബുക്സ് ,2009
4) ചുമ്മാർ ,ടി.എം., പദ്യസാഹിത്യ ചരിത്രം ,
കോട്ടയം: നാഷണൽ ബുക്ക്സ്സാൾ ,1936
5) പി.ഒ.സി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം,
കൊച്ചി: കേരളാ കാത്തലിക് ബിഷപ്സ് കൗൺസിൽ,2005

## BIBLIOGRAPHY- English Transation in Black color

Bibliography must be given in English as per APA or MLA format (for more details refer template given for English)